**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 118** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അതിക്രമങ്ങൾ</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. എം. വിൻസെന്റ് | ശ്രീ. പി. സി. വിഷ്ണുനാഥ് |
| ശ്രീമതി കെ. കെ. രമ | (വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി) |
| ശ്രീ. വി. ടി. സൂരജ് | |
| ശ്രീമതി വിദ്യാ ബാലകൃഷ്ണൻ | |

**(എ)** മൂന്നാർ, പൊന്മുടി തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സാമൂഹ്യ വിരുദ്ധരും ഗുണ്ടകളും വിനോദസഞ്ചാരികളെ ആക്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിരവധി സഞ്ചാരികൾ എത്തുന്ന മൂന്നാർ വിനോദസഞ്ചാര കേന്ദ്രത്തിൽ ഒറ്റപ്പെട്ട തർക്കങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട് . ഇത്തരം സംഭവങ്ങളിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട് .

**(ബി)** ഇങ്ങനെയുള്ള ആക്രമണങ്ങൾ വിനോദ സഞ്ചാര മേഖലയെ സാരമായി ബാധിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ടൂറിസം മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളെ സർക്കാർ ഗൗരവമായി കാണുന്നുണ്ട്. മൂന്നാറിൽ ഉണ്ടായിട്ടുള്ള ഒറ്റപ്പെട്ട തർക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 30.05.2026 ന് വിനോദ സഞ്ചാരവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ മൂന്നാറിൽ യോഗം ചേരുകയും, ഹ്രസ്വകാലാടിസ്ഥനത്തിലും ദീർഘ കാലാടിസ്ഥാനത്തിലും ചെയ്യേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട് .

**(സി)** ആഭ്യന്തര വകുപ്പുമായി ചേർന്ന് ഇത്തരം സാമൂഹ്യവിരുദ്ധരെ അമർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കേരളത്തിലെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സന്ദർശകരുടെ സുരക്ഷയും സൗകര്യവും ഉറപ്പാക്കുന്നതിനായി വനം വകുപ്പ് , പോലീസ് വകുപ്പ് തുടങ്ങി ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രാദേശിക ഭരണകൂടത്തിന്റേയും ഏകോപനത്തോടെ നടപടികൾ സ്വീകരിക്കുന്നുണ്ട് .

**സെക്ഷൻ ഓഫീസർ**